KERALA ELECTRICAL & ALLIED ENGG. CO. LTD., EDARIKODE

കെ.ഇ.പി.എ/26/ 755 /26 14.01.2026

## നോട്ടീസ്

സംസ്ഥാന പൊതുമേഖല സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (കെൽ) യുടെ മലപ്പുറം ജില്ലയിലെ എടരിക്കോട് എന്ന സ്ഥലത്തു പ്രവർത്തിയ്ക്കുന്ന യൂണിറ്റിലേയ്ക്ക് താഴെ പറയുന്ന പ്രവർത്തികൾ, കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാൻ താല്പര്യമുള്ള കോൺട്രാക്ടർമാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

**ജോലിയുടെ ചെറു വിവരണം**

1. അസംസ്കൃത വസ്തുക്കൾ വാഹനങ്ങളിൽ നിന്നും ഇറക്കി കമ്പനി നിർദേശിയ്ക്കുന്ന സ്ഥലത്തു വയ്ക്കുകയും കയറ്റി വിടുകയും ചെയ്യുക.
2. നിർമ്മാണം പൂർത്തിയായ ഉൽപ്പന്നങ്ങൾ സുരക്ഷിതമായി പൊതിഞ്ഞ് കെട്ടുകയും, വാഹനത്തിൽ കയറ്റി വിടുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും അവ കയറ്റി വിടുകയും ചെയ്യുക.
3. യന്ത്ര സാമഗ്രികളും മറ്റ് ഉപകരണങ്ങളും തുടച്ച് വൃത്തിയാക്കുക.
4. ഫാക്ടറി, സ്റ്റോർ, ജനറേറ്റർ റൂം, മുറ്റം എന്നിവിടങ്ങൾ തൂത്ത് വൃത്തിയാക്കുക.
5. കെട്ടിടങ്ങളുടെ മട്ടുപ്പാവ്, ജലസംഭരണികൾ എന്നിവ വൃത്തിയാക്കുക .
6. കുളിമുറി, ശുചിമുറി, കക്കൂസുകൾ എന്നിവ വൃത്തിയാക്കുക.
7. കമ്പനിയിലെ ഓഫീസ്, പ്ലാന്റ്, മുറ്റം, തുടങ്ങിയ ഇടങ്ങൾ തൂത്ത് തുടച്ച് വൃത്തിയാക്കുക.
8. കെട്ടിടങ്ങളുടെ പരിസരങ്ങൾ കാട് വെട്ടി വൃത്തിയാക്കുക.
9. കമ്പനിയ്ക്കകത്തെ ജനറൽ മെയിന്റനൻസ്, റിപ്പയർ ജോലികൾ, വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത അറ്റകുറ്റപണികൾ എന്നിവ ചെയ്യുക.
10. പൂന്തോട്ട പരിചരണം.
11. കമ്പനിയുടെ ഉൽപ്പാദനത്തെ സഹായിക്കുന്ന മറ്റ് ജോലികൾ എന്നിവ.
12. കമ്പനി ക്യാന്റീനിലെ ഭക്ഷണ വിതരണം.

## കരാറിന്റെ വ്യവസ്ഥകൾ

1. കരാർ കാലാവധി 179 ദിവസമായിരിയ്ക്കും
2. ദിവസേന (8 മണിക്കൂർ) പരമാവധി 5 ജോലിക്കാരെ കമ്പനിയിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതനുസരിച്ച് വിതരണം ചെയ്യേണ്ടതാണ് .
3. ക്ലീനിംഗ് ജോലികൾ രാവിലെ 08.30 ന് മുൻപായി ചെയ്തുതീർക്കേണ്ടതാണ്
4. ഭക്ഷണം കൈകാര്യം ചെയ്യുന്ന ജോലിക്കാരുടെ ഹെൽത്ത് കാർഡ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
5. കൊട്ടേഷനോടൊപ്പം കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ്, പ്രവർത്തി പരിചയമുണ്ടെങ്കിൽ ആയത് എന്നിവ ഉള്ളടക്കം ചെയ്തിരിക്കണം. പ്രവർത്തി പരിചയം മുൻഗണന.
6. ഏൽപ്പിക്കുന്ന ജോലികൾ സമയബന്ധിതമായും പൂർണ്ണ ഉത്തരവാദിത്വത്തോടെ ജോലി ഏൽപ്പിക്കുന്ന ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ചെയ്തു തീർക്കേണ്ടതാണ്.
7. ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ സമൂഹ്യ സുരക്ഷാ പദ്ധതികളുടെ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും ഈ കരാറിലും ബാധകമായിരിയ്ക്കും.
8. കരാർ കാലയളവിൽ സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ കരാറുകാരൻ അനുവർത്തിക്കേണ്ടതാണ്
9. ഓരോ മാസത്തേയും ബില്ല് തൊട്ടടുത്ത മാസം ആദ്യ അഞ്ച് പ്രവർത്തി ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുവാൻ താൽപ്പര്യമുള്ള കരാറുകാർ ദിനം പ്രതി ഒരു ഷിഫ്റ്റിലേയ്ക്ക് (8 മണിക്കൂർ ജോലി) ഒരു തൊഴിലാളിക്ക് നൽകേണ്ട തുക മറ്റ് നിബന്ധനകൾ എന്നിവ രേഖപ്പെടുത്തി 28.01.2026 ന് ഉച്ചയ്ക്ക് 2.30 മണിയ്ക്കു മുൻപായി ലഭിയ്ക്കത്തക്ക വിധത്തിൽ മുദ്ര വച്ച കവറിൽ താഴെപ്പറയുന്ന മേൽവിലാസത്തിൽ അയച്ചു തരുവാൻ താല്പര്യപ്പെടുന്നു. അന്നേ ദിവസം ഉച്ചയ്ക്ക് 2.40 മണിയ്ക്ക് ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് 8281 099 008 എന്ന നമ്പറിൽ ബന്ധപ്പെടുക.

KERALA ELECTRICAL AND ALLIED ENGINEERING CO. LTD.
EDARIKODE
PUTHUPARAMBA
676501

യൂണിറ്റ് ഹെഡ്
കെൽ, എടരിക്കോട്

യൂണിറ്റ് ഹെഡ്
കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
പുതുപ്പറമ്പ് പി.ഒ.
കോട്ടക്കൽ
മലപ്പുറം– 676 501